പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1708 15.02.2016 - ൽ മറുപടിയ്ക്ക്

## മുതിർന്ന പൗരന്മാരുടെ അവകാശ സംരക്ഷണ നിയമം

ചോദ്യം

ശ്രീ.എം.ചന്ദ്രൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുതിർന്ന പൗരന്മാരുടെ അവകാശ സംരക്ഷണത്തിനായി നിർമ്മിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ; | (എ) | മുതിർന്ന പൗരന്മാരുടെ അവകാശ സംരക്ഷണത്തിനായി നിർമ്മിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 2015 ൽ എത്ര പരാതികളാണ് ബന്ധപ്പെട്ട അധികാരികൾക്കു മുന്നിൽ ലഭിച്ചത് ; | (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 2015 ൽ 1016 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) | ഇതിൽ എത്ര പരാതികളിന്മേൽ തീർപ്പ് കൽപ്പിച്ചു; | (സി) | 845 പരാതികളിൽ തീർപ്പ് കല്പിച്ചു. |
| (ഡി) | മറ്റു പെൻഷൻ ഒന്നും ലഭിക്കാത്ത മുതിർന്ന പൗരന്മാർക്ക് പ്രതിമാസ പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; സമഗ്രമായ ഒരു നയം ഇവരുടെ കാര്യത്തിൽ രൂപീകരിക്കുമോ? | (ഡി) | ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള 60 വയസ് കഴിഞ്ഞവർക്ക് (60-80) 600/- രൂപയും 80 വയസ് കഴിഞ്ഞവർക്ക് 1200/- രൂപയും പെൻഷൻ നൽകി വരുന്നു. മുതിർന്ന പൗരൻമാർക്കുവേണ്ടി സംസ്ഥാനത്ത് മുതിർന്ന പൗരൻമാരുടെ സംസ്ഥാന നയം 2013 പ്രബാല്യത്തിലുണ്ട്. മറ്റു പെൻഷൻ ഒന്നും ലഭിക്കാത്ത മുതിർന്ന പൗരൻമാർക്ക് പ്രതിമാസ പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല. |

Nandakumar

**സെക്ഷൻ ഓഫീസർ**